കേരള സർക്കാർ

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് – ജീവനക്കാര്യം - കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് - തസ്തിക സൃഷ്ടിക്കുന്നതിനും തസ്തിക ഉയർത്തുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -ഡി) വകുപ്പ്

സ.ഉ (കൈ) നം. 540/15/ധന തിരുവനന്തപുരം, തീയതി : 27/11/2015

പരാമർശം:- 1 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 24.09.2013 ലെ എൽ.എഫ്.15566/എസ്റ്റാ.1/2013 നമ്പർ കത്ത്.

2 കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് അസ്സോസ്സിയേഷൻ ജനറൽ സെക്രട്ടറിയുടെ 25.05.2015 ലെ എൽ.എഫ്.എ.എ/07/2015 നമ്പർ കത്ത്.

<u>ഉത്തരവ്</u>

പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ, സർവ്വകലാശാലകൾ, വികസന അതോറിറ്റികൾ, തിരുവിതാംകൂർ, കൊച്ചി, ഗുരുവായൂർ ദേവസ്വം ബോർഡുകൾ, ഹിന്ദു റിലീജിയസ് ആന്റ് ചാരിറ്റബിൾ എൻഡോവ്മെന്റ് നിയമത്തിന് കീഴിലുള്ള സ്ഥാപനങ്ങൾ ക്ഷേമനിധി ബോർഡുകൾ, സ്പോർട്ട്സ് കൗൺസിൽ, മറ്റ് നിരവധി ഗ്രാന്റ് ഇൻ എയിഡ് സ്ഥാപനങ്ങൾ എന്നിങ്ങനെ ഏകദേശം 8823 സ്ഥാപനങ്ങളുടെ ഓഡിറ്റ് നിർവ്വഹിക്കുന്നതും ഓഡിറ്റ് റിപ്പോർട്ടുകളിന്മേലുള്ള ചാർജ്ജ്/സർചാർജ്ജ് നടപടികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും മറ്റും ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ സംബന്ധമായ കണക്കുകൾ സർക്കാരിന് സമർപ്പിക്കൽ തുടങ്ങിയ ഉത്തരവാദിത്തങ്ങളും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിക്ഷിപ്തമാണ്. വകുപ്പിന്റെ ഭാരിച്ച ഉത്തരവാദിത്തവും അധികജോലിഭാരവും കണക്കിലെടുത്ത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സമഗ്ര പുനസംഘടനയുടെ ഭാഗമായി പുതിയ തസ്തിക സൃഷ്ടിക്കുന്നതിനും തസ്തിക ഉയർത്തുന്നതിനുമുള്ള നിർദ്ദേശം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറും കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് അസ്സോസ്സിയേഷൻ ജനറൽ സെക്രട്ടറിയും പരാമർശ കത്തുകൾ പ്രകാരം സർക്കാരിന് സമർപ്പിക്കുകയുണ്ടായി

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിൻ പ്രകാരം ചുവടെ പറയുന്ന 41 പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും നാല് ജില്ലാ ഓഫീസുകളിലെ സീനിയർ ഡെപ്യൂട്ടി ഡയറക്ടർ തസ്തിക, ജോയിന്റ് ഡയറക്ടർ തസ്തികയായി ഉയർത്തുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തസ്തിക സൃഷ്ടിക്കൽ

| ക്രമ നം. | തസ്തികയുടെ പേര് | ശമ്പള സ്കെയിൽ | തസ്തികകളുടെ എണ്ണം |
|---|---|---|---|
| | | ഡയറക്ടറേറ്റ് | |
| 1 | ജോയിന്റ് ഡയറക്ടർ | 44640-58640 | 1 |
| 2 | ഡെപ്യൂട്ടി ഡയറക്ടർ | 24040-38840 | 1 |
| 3 | ഓഡിറ്റ് ഓഫീസർ | 18740-33680 | 2 |
| 4 | ഓഡിറ്റർ | 13900-24040 | 9 |
| | | 14 ജില്ലാ ഓഫീസുകൾ | |
| 1 | ഓഡിറ്റർ | 13900-24040 | 28 |
| ആകെ | | | 41 |

## തസ്തിക ഉയർത്തൽ

| ഓഫീസിന്റെ പേര് | തസ്തികകളുടെ എണ്ണം |
|---|---|
| ജില്ല ഓഫീസ് തിരുവനന്തപുരം | 1 |
| ജില്ല ഓഫീസ് എറണാകുളം | 1 |
| ജില്ല ഓഫീസ് തൃശ്ശൂർ | 1 |
| ജില്ല ഓഫീസ് കോഴിക്കോട് | 1 |
| ആകെ | 4 |

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**പി.ബി.ഓമന**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ് എസ് എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ് എ) കേരള, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, വികാസ് ഭവൻ, തിരുവനന്തപുരം.
ഡയറക്ടർ , കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ജനറൽ സെക്രട്ടറി, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് അസ്സോസ്സിയേഷൻ.
നോഡൽ ഓഫീസർ, www.finance.kerala.gov.in.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ